# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3027 07.11.2019 ൽ മറുപടിക്ക്**

**ആദിനാട് ഗവ. യു. പി. സ്കൂളിന്റെ കെട്ടിടനിർമ്മാണ പുരോഗതി**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആദിനാട് ഗവ. യു.പി. സ്കൂളിന് 01.03.2018 ൽ ഭരണാനുമതി ലഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ ആദിനാട് ഗവൺമെന്റ് യു.പി.സ്കൂളിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ കോൺക്രീറ്റിംഗ് കഴിഞ്ഞു. |
| (ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | ഒരു വ്യക്തി കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി വിജിലൻസ് ഓഫീസിന്റെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. |
| (സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്മേലുള്ള നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ; | (സി) | ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് സന്ദർശിക്കുകയും മെറ്റീരിയലുകൾ ടെസ്റ്റ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് ചെയ്ത ടെസ്റ്റ് റിപ്പോർട്ടുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് അയച്ചു കൊടുത്തു. പി.ഡബ്ല്യു.ഡി വിജിലൻസ് ഓഫീസിൽ നിന്നും പ്രവൃത്തി പുനരാരംഭിക്കാനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിന്റെ നിർമ്മാണത്തിന് ഒരു സ്കൂൾ ഗ്രൗണ്ടിൽ പാലിക്കേണ്ട മിനിമം സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; ആയത് പരിശോധിച്ച് കരാറുകാരന് വേണ്ട നിർദ്ദേശങ്ങൾ നൽകുമോ; | (ഡി) | ഇതിന്റെ നിർമ്മാണത്തിന് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് കരാറുകാരന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. |
| (ഇ) | കെട്ടിടം പണി പൂർത്തീകരിച്ച് ആയത് സ്കൂളിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഇ) | പി.ഡബ്ല്യൂ.ഡി വിജിലൻസ് ഓഫീസിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**